# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 618      **01.12.2015** ൽ മറുപടിയ്ക്ക്

## ധാതുമണൽ സമ്പത്ത്.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.വി.ശശി** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്തെ ധാതുമണൽ സമ്പത്തിന്റെ വ്യാപ്തിയെയും ഇവ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതയെയും പറ്റി ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ധാതുമണൽ സമ്പത്ത് ഉൾപ്പെടുത്തി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ /പരിഹാരങ്ങൾ/പദ്ധതികൾ ആണ് നിർദ്ദേശിച്ചിട്ടുള്ളത്; നിർദ്ദേശങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കരിമണൽ ഖനനം സംബന്ധിച്ച് സംസ്ഥാന സർക്കാർ മൂന്ന് സമിതികളെ നിയോഗിച്ച് പഠനം നടത്തിയിട്ടുണ്ട്. ഓരോ കമ്മിറ്റിയും സമർപ്പിച്ച ശുപാർശകളുടെ പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു.<br><br><u>സർവ്വശ്രീ. ടി.എം.മഹാദേവൻ, കെ.കൃഷ്ണൻ ഉണ്ണി, ആർ.ആർ.നായർ എന്നിവരുൾപ്പെട്ട വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസ്ക്ത ഭാഗങ്ങൾ</u><br>1. കടൽ തീരങ്ങളിൽ കാലവർഷത്തെ തുടർന്ന് ശേഖരിക്കപ്പെടുന്ന ധാതുമണൽ ഉപരി തലത്തിൽ നിന്നും അര മീറ്റർ താഴ്ചയിൽ യന്ത്രസാമഗ്രികളുടെ ഉപയോഗം കൂടാതെ ശേഖരിക്കാവുന്നതാണ്.<br>2. കായംകുളം-ആറാട്ടുപുഴയ്ക്ക് മദ്ധ്യേയുള്ള 400 മീറ്ററോ അതിൽ കൂടുതലോ ഉള്ള ബാരിയർ ബീച്ചിൽ നിന്നു മാത്രമേ ധാതുമണൽ ശേഖരണം നടത്താവൂ. ഇത്തരം പ്രദേശങ്ങളിൽ ഡ്രഡ്ജിംഗ്- കോൺസൺട്രേറ്റിംഗ് മെഷനറി ഉപയോഗിക്കണം.<br>3. കായംകുളം പൊഴി, കായൽ, കനാൽ എന്നിവിടങ്ങളിൽ ചെറിയ തോതിൽ ജാഗ്രത പാലിച്ച് മാത്രമേ ഖനനം നടത്താവൂ. ഇത്തരം ഖനനം പരിസ്ഥിതിയെ ബാധിക്കുന്നില്ല.<br><br><u>പ്രൊഫ.കെ.വി.ത്രിവിക്രമജി, ഡോ. സി.ജി.നമ്പ്യാർ, ശ്രീ.എൻ.കൃഷ്ണകുമാർ എന്നിവരുടെ റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസക്ത ഭാഗങ്ങൾ</u><br>1. ഖനനം പരിസരവാസികളുടെ ദൈനംദിന ജീവിത രീതികളെ ചെറിയ തോതിൽ ബാധിക്കുമെങ്കിലും വ്യക്തമായ ആസൂത്രണത്തിലൂടെ ഇതിന് പരിഹാരം കണ്ടെത്താവുന്നതാണ്.<br>2. വ്യക്തമായ, മുൻകൂട്ടി നിശ്ചയിച്ച പദ്ധതികളിലൂടെ മാത്രമേ ഡ്രഡ്ജിംഗ് ഉൾപ്പെടെയുള്ള ഖനന പ്രക്രിയകൾ നടത്താവൂ. |

| | | | |
|---|---|---|---|
| | | | **<u>ജസ്റ്റിസ്.കെ.ജോൺ മാത്യു, ഡോ:കെ.കെ.ദിവേദി, ശ്രീ.ബി.സി.പോഡാർ എന്നിവരുടെ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളുടെ പ്രസക്തഭാഗങ്ങൾ</u>**<br>1. ആറാട്ടുപുഴ-തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തീരപ്രദേശത്തുനിന്നും സ്ക്രാപിംഗ് രീതി അനുവർത്തിച്ചു കൊണ്ട് 30 സെ.മീറ്റർ ആഴത്തിൽ ധാതുമണൽ നീക്കം ചെയ്യാവുന്നതാണ്. കൂടാതെ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള മുൻകരുതലുകൾ സ്വീകരിച്ചു കൊണ്ട് ഉൾപ്രദേശങ്ങളിൽ ചെറു സെക്ടറുകളായി തിരിച്ച് ഡ്രഡ്ജിംഗ് നടത്താവുന്നതാണ്.<br>2. കായലിൽ നിന്നും മണൽ നീക്കം ചെയ്യുന്ന പക്ഷം യന്ത്ര സാമഗ്രികൾ ഉപയോഗിക്കാതെ കുട്ടകൾ ഉപയോഗിച്ച് നീക്കം ചെയ്യേണ്ടതാണ്.<br>ടി നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് നിലവിൽ കരിമണൽ ഖനനം നടക്കുന്നത്. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻഡ്യൻ റെയർ എർത്തിനുമാണ് തീരപ്രദേശത്ത് ഖനനാനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഈ ധാതുമണൽ ശേഖരത്തിന്റെ ചെറിയ അളവ് മാത്രമേ ശേഖരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുവാൻ സാധിക്കുന്നുള്ളൂ. വിവിധ പ്രാദേശിക, സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ മൂലമാണ് പൂർണ്ണതോതിലുള്ള ധാതുമണൽ ശേഖരം നടക്കാത്തത്.<br><u>നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്</u><br>ധാതുമണൽ സമ്പത്തിന്റെ വ്യാപ്തി, അവ ഉപയോഗപ്പെടുത്തുന്നതിനായുള്ള സാധ്യതയെയും പറ്റി ഈ സ്ഥാപനം പഠനം നടത്തുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ് (ഐ.ആർ.ഇ.എൽ) അവരുടെ മിനറൽ സെപറേഷൻ പ്ളാന്റിന്റെ ഉത്പാദന ശേഷി വർദ്ധിപ്പിച്ചു മൈനിംഗ് ലീസ് ഉള്ള വിവിധ പ്രദേശങ്ങളിലെ ഭൂമി ഐ.ആർ.ഇ.എൽ വിലയ്ക്ക് വാങ്ങി കൊണ്ടിരിക്കുന്നു. |
| (ബി) | അനധികൃത ധാതുസമ്പത്ത് ഖനനം തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത നടപടികൾ പര്യാപ്തമാണ് എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | അനധികൃത ധാതുമണൽ കടത്ത് തടയുന്നതിനായി കരുനാഗപ്പള്ളി പോലീസ് സർക്കിൾ ഇൻസ്പെക്ടർ, അസിസ്റ്റന്റ് ജിയോളജിസ്റ്റ്, ആലപ്പുഴ, തഹസിൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡ് നിലവിലുണ്ട്. കൂടാതെ മൈനിംഗ് & ജിയോളജി |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ ദക്ഷിണമേഖല മിനറൽ സ്ക്വാഡ്, കൊല്ലം ജില്ലയിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തി വരുന്നുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ ഈ നടപടികൾ പര്യാപ്തമാണ്. എന്നിരുന്നാലും റവന്യൂ വകുപ്പ്, പോലീസ് വകുപ്പ്, മൈനിംഗ് & ജിയോളജി വകുപ്പ് എന്നിവരടങ്ങുന്ന സംയുക്ത പട്രോളിംഗ് സ്ക്വാഡ് രൂപീകരിക്കുന്നതിനും തോട്ടപ്പള്ളി മുതൽ നീണ്ടകര വരെയുള്ള തീരദേശത്ത് കോസ്റ്റൽ പോലീസിനെ കൊണ്ട് പട്രോളിംഗ് നടത്തുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | ധാതുമണൽ ഉപയോഗപ്പെടുത്തുന്നതിന് പൊതുമേഖലയിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുമോ? | (സി) | പൊതുമേഖലാ സ്ഥാപനങ്ങളായ കേരള മിനറൽസ് ആന്റ് മെറ്റൽസിനേയും ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സിനേയും കൂടുതൽ ശക്തിപ്പെടുത്തി വിവിധങ്ങളായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് ആവശ്യമായ ധാതുമണൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**